"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - കുളനട ഗ്രാമപഞ്ചായത്തിൽ ദിവസവേതനത്തിൽ സൈറൺ ഓപ്പറേറ്ററായി ജോലി ചെയ്യുന്ന ശ്രീ. പി.എസ്. ഗോപാലൻ, പാർട്ട് ടൈം സ്വീപ്പറായി ജോലി നോക്കുന്ന ശ്രീമതി. റ്റി.കെ. ശാരദാമ്മാൾ എന്നിവരെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ)വകുപ്പ്**

സ.ഉ.(സാധാ) നം.1276/2022/LSGD തീയതി,തിരുവനന്തപുരം, 23-05-2022

---

പരാമർശം:-

1. ബഹു. കേരള ഹൈക്കോടതിയുടെ 05.02.2020 ലെ WP(C)34458/2011 നം. വിധിന്യായം.
2. പഞ്ചായത്ത് ഡയറക്ടറുടെ 22.06.2020, 28.12.2021 തീയതികളിലെ PAN/5479/2020-E5(DP) നം. കത്തുകൾ

**ഉത്തരവ്**

പത്തനംതിട്ട ജില്ലയിലെ കുളനട ഗ്രാമപഞ്ചായത്തിൽ ദിവസവേതനത്തിൽ സൈറൺ ഓപ്പറേറ്ററായി ജോലി ചെയ്യുന്ന ശ്രീ. പി.എസ്. ഗോപാലൻ, പാർട്ട് ടൈം സ്വീപ്പറായി ജോലി നോക്കുന്ന ശ്രീമതി. ശാരദാമ്മാൾ എന്നിവർ ടിയാൾക്കാരെ സ്ഥിരപ്പെടുത്തുന്നതിലേക്കായി ഫയൽ ചെയ്തിരുന്ന WP(C)34458/2011 നം. ഹർജിയിലെ പരാമർശം (1) ലെ വിധിന്യായത്തിൽ 3-ാം കക്ഷിയായ ഗ്രാമപഞ്ചായത്ത് സമർപ്പിച്ചിട്ടുള്ള Exbt.R3(C) പ്രൊപ്പോസൽ സ.ഉ(പി) 501/2005/ധന തീയതി 25.11.2005 ഉത്തരവും ഗ്രാമപഞ്ചായത്തുകളിലെ പാർട്ട് ടൈം സ്വീപ്പർമാരുടെ നിയമന ക്രമവൽക്കരണം സംബന്ധിച്ച് അതിനുശേഷം പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ പരിഗണിക്കുന്നതിനും ഒന്നാം പെറ്റീഷണറുടെ കാര്യത്തിലും പഞ്ചായത്ത് സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിൻമേൽ തീരുമാനം കൈക്കൊള്ളുന്നതിനും നിർദേശിച്ചു.

2. ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ Exbt.R3(C) പ്രൊപ്പോസൽ പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി. കുളനട ഗ്രാമപഞ്ചായത്തിലെ ഔദ്യോഗിക രേഖകൾ പരിശോധിച്ചതിൽ ടി ഗ്രാമപഞ്ചായത്തിൽ നിലവിൽ ഫുൾ ടൈം സ്വീപ്പർ തസ്തികയാണുള്ളത് (മാർക്കറ്റ്). പഞ്ചായത്ത് ഓഫീസ് വൃത്തിയാക്കുന്നതിന് നിലവിൽ സ്വീപ്പർ തസ്തിക ഇല്ലാത്തതിനാൽ ഏര്യ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ രണ്ട് പാർട്ട് ടൈം തസ്തിക സൃഷ്ടിക്കാവുന്നതായി കാണുന്നുവെന്നും ടി ഗ്രാമപഞ്ചായത്തിൽ സൈറൺ ഓപ്പറേറ്ററായി ജോലി ചെയ്യുന്ന ശ്രീ. പി.എസ്. ഗോപാലൻ, സ്വീപ്പറായി ജോലി ചെയ്യുന്ന ശ്രീമതി. റ്റി.കെ. ശാരദാമ്മാൾ എന്നിവരെ സ്ഥിരപ്പെടുത്തുന്നതിനായി പഞ്ചായത്ത് ഭരണസമിതി സർക്കാരിനോട് അഭ്യർത്ഥിച്ച്

തീരുമാനം എടുത്തിട്ടുണ്ടെന്നും WP(C)34458/11 നം. ഹർജിയിലെ 5/2/2020 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഭരണസമിതി ഇവരുടെ നിയമനം ക്രമവൽക്കരിക്കുന്നതിനുള്ള തീരുമാനം കൈക്കൊണ്ടതായി അറിയിക്കുകയും പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന ലഭ്യമാക്കിയ പ്രൊപ്പോസൽ പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തു.

3. പാർട്ട് ടൈം സ്വീപ്പർ, സൈറൺ ഓപ്പറേറ്റർ എന്നീ തസ്തികകൾ സൃഷ്ടിച്ച് യഥാക്രമം ശ്രീമതി. റ്റി.കെ. ശാരദാമ്മാൾ, ശ്രീ. പി.എസ്. ഗോപാലൻ എന്നിവരെ സ്ഥിരപ്പെടുത്തണമെന്ന് പഞ്ചായത്ത് കമ്മിററിയുടെ 22/05/2020 ലെ 3(1) നം. തീരുമാനപ്രകാരം തീരുമാനിച്ചിട്ടുണ്ട്. ശ്രീമതി. റ്റി.കെ. ശാരദാമ്മാൾ 29/03/1988 മുതൽ സ്വീപ്പറായും ശ്രീ. പി.എസ്. ഗോപാലൻ 28/08/1990 മുതൽ സൈറൺ ഓപ്പറേറ്ററായും ദിവസവേതനത്തിൽ ജോലിചെയ്യുന്നു. കുളനട ഗ്രാമപഞ്ചായത്തിൽ ഒരു ഫുൾ ടൈം സ്വീപ്പർ തസ്തിക (മാർക്കറ്റ്) നിലവിലുണ്ട്.

4. സർക്കാർ ഇക്കാര്യം പരിശോധിച്ചു. 25.11.2005 ൽ സർക്കാർ സർവീസിൽ ഉള്ളവരും 100 ച. മീറ്ററിൽ കൂടുതൽ സ്വീപ്പിംങ് ഏര്യ ഉള്ള ഓഫീസിൽ തുടർച്ചയായി ജോലി ചെയ്തു വരുന്ന Casual sweeper- മാരല്ലാത്ത മറ്റു സ്വീപ്പർമാരെ (Part time sweeper on daily wage, Sweepers on daily wage etc) 09/02/2010 പ്രാബല്യത്തിൽ റഗുലറൈസ് ചെയ്യാവുന്നതാണ്. എന്നാൽ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 180(1) പ്രകാരം പഞ്ചായത്തിലെ പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരെ സർക്കാർ ജീവനക്കാരായി കണക്കാക്കുവാൻ സാധിക്കുകയില്ല. ടി സാഹചര്യത്തിൽ ദിവസവേതനത്തിൽ സ്വീപ്പറായി ജോലി ചെയ്യുന്ന ശ്രീമതി. റ്റി.കെ. ശാരദാമ്മാൾ നെ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തണമെന്ന ആവശ്യം പരിഗണിക്കാൻ സാധ്യമല്ല. സൈറൺ ഓപ്പറേറ്റർ തസ്തിക vanishing തസ്തിക ആയതിനാൽ ശ്രീ. പി.എസ്. ഗോപാലനെ ടി തസ്തികയിൽ സ്ഥിരപ്പെടുത്താൻ കഴിയുകയില്ല.

5. മേൽ സാഹചര്യങ്ങളിൽ ശ്രീമതി. റ്റി.കെ. ശാരദാമ്മാൾ നെ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തണമെന്ന ആവശ്യവും, ശ്രീ. പി.എസ്. ഗോപാലനെ പാർട്ട് ടൈം സൈറൺ ഓപ്പറേറ്റർ തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തണമെന്ന ആവശ്യവും നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

6. പരാമർശം (1) ലെ ബഹു. കേരള ഹൈക്കോടതിയുടെ വിധിന്യായം ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

ശ്രീ. പി.എസ്. ഗോപാലൻ, സൈറൺ ഓപ്പറേറ്റർ, കുളനട ഗ്രാമപഞ്ചായത്ത്

(സെക്രട്ടറി, കുളനട ഗ്രാമപഞ്ചായത്ത് മുഖേന)

ശ്രീമതി. റ്റി.കെ. ശാരദാമ്മാൾ, പാർട്ട് ടൈം സ്വീപ്പർ, കുളനട ഗ്രാമപഞ്ചായത്ത്

(സെക്രട്ടറി, കളനട ഗ്രാമപഞ്ചായത്ത് മുഖേന)

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം (ആമുഖ കത്ത് സഹിതം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട ജില്ല.

സെക്രട്ടറി, കളനട ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട ജില്ല.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സി. ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/146/2015-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by Danuja M S
Date: 23-05-2022 17:30:58

സെക്ഷൻ ഓഫീസർ